**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹെലി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ഹെലി ടൂറിസം പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി. ഇതിനായുള്ള ഒരു മാർഗ്ഗനിർദ്ദേശക ചട്ടക്കൂട് എന്ന നിലയിൽ 07.12.2024 ലെ സ.ഉ (കൈ) നം. 23/2024/TSM നമ്പരായ ഉത്തരവ് പ്രകാരം ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിനോടൊപ്പം സ്വകാര്യമേഖലയേക്കൂടി ഭാഗമാക്കിക്കൊണ്ടാണ് ഹെലിടൂറിസം നയം ആവിഷ്കരിച്ചിട്ടുള്ളത്. ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമാണ് ആദ്യ ഘട്ടത്തിൽ സർക്കാർ സ്വീകരിക്കുന്നത്. വിവിധ ഘട്ടങ്ങളിലായാണ് ഹെലിടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലി ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് അദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത് സന്നദ്ധരായ ഹെലി ടൂറിസം സേവനദാതാക്കളെ ഇതിനായി പ്രയോജനപ്പെടുത്തും. പുതിയ ഹെലിപ്പാഡുകൾ നിർമ്മിക്കുവാനും ആവശ്യമായ അനുമതികൾ ഉള്ള ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് സേവനം ലഭ്യമാക്കുവാനും സ്വകാര്യ മേഖലയ്ക്ക് അവസരം ഉണ്ടായിരിക്കും. |
| (ബി) | വാമനപുരം മണ്ഡലത്തിലെ മലയോര ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയുമായി ബന്ധിപ്പിച്ച് ഹെലി | (ബി) | പ്രാഥമിക ഘട്ടത്തിൽ ഹെലിടൂറിസം സേവനങ്ങൾക്കായി വിനോദ സഞ്ചാരികൾക്കിടയിൽ താത്പര്യവും ആവശ്യകതയും വളർത്തിയെടുത്തതിനു |

| | | | |
|---|---|---|---|
| | ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | | ശേഷം തുടർന്നുവരുന്ന ഘട്ടത്തിൽ പുതിയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന ഘട്ടത്തിൽ പൊൻമുടിയടക്കം പുതിയ കേന്ദ്രങ്ങളുടെ സാധ്യതകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ